**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2892** **14-02-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവർക്കുള്ള ഭവന നിർമ്മാണ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി, പട്ടിക വർഗ്ഗവിഭാഗത്തിൽപ്പെട്ടവർക്കുള്ള ഭവന നിർമ്മാണത്തിനായി ഈ സർക്കാർ നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് നിലവിൽ ലൈഫ് മിഷൻ മുഖേനയാണ് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നത്. കൂടാതെ, വിവിധ പുനരധിവാസ പദ്ധതികളിലൂടെ ഭൂമി ലഭ്യമാകുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേനയും വീട് അനുവദിക്കുന്നുണ്ട്. |
| (ബി) | സംസ്ഥാനത്ത് ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾ എത്രയുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; | (ബി) | സംസ്ഥാനത്ത് നിലവിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിത ഭവനരഹിതരായ 6441 കുടുംബങ്ങളും, ഭൂമിയുള്ള ഭവനരഹിതരായ 8380 കുടുംബങ്ങളും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. |
| (സി) | നിലവിലെ പദ്ധതികൾ പ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭവന നിർമ്മാണത്തിനായുള്ള തുക പര്യാപ്തമല്ല എന്ന വസ്തുത ഗൗരവത്തോടെ കാണുന്നുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ; | (സി) | സർക്കാർ അനുവദിക്കുന്ന തുക പര്യാപ്തമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭവനനിർമ്മാണ ധനസഹായമായി 4 ലക്ഷം രൂപയാണ് ലൈഫ് മിഷൻ മുഖേന അനുവദിച്ച് വരുന്നത്.<br><br>പട്ടികവർഗ്ഗ വിഭാഗങ്ങൾ ഭൂരിഭാഗവും ഉൾപ്രദേശങ്ങളിൽ താമസിക്കുന്നതിനാൽ വീടുകൾ വയ്ക്കുന്നതിന് നിർമ്മാണ സാമഗ്രികൾ എത്തിക്കുന്നതിനുള്ള ചെലവ് മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് കൂടുതലായിരിക്കും എന്നത് കണക്കിലെടുത്ത്, പട്ടികവർഗ്ഗ സങ്കേതങ്ങളുടെ ഉള്ളിലും, സങ്കേതങ്ങളോട് ചേർന്ന് വരുന്ന പ്രദേശത്തും, അതീവ ദുർഘടപ്രദേശത്തും വീട് വയ്ക്കുന്ന പട്ടികവർഗ്ഗക്കാർക്ക് ലൈഫ് മിഷൻ പദ്ധതി പ്രകാരം അനുവദിക്കുന്ന തുക 6 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ഭൂരഹിതർക്കായി പുനരധിവാസ പദ്ധതി നടപ്പാക്കിവരുന്നുണ്ടോ; വിശദാംശം നൽകാമോ; | (ഡി) | പട്ടികജാതി കുടുംബങ്ങൾക്ക് വാസയോഗ്യമായ ഭവനം നിർമ്മിക്കുന്നതിനായി പട്ടികജാതി വികസന വകുപ്പ് ഭൂരഹിത പുനരധിവാസ പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതി പ്രകാരം ലൈഫ് മിഷൻ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട കുടുംബങ്ങളുടെ അർഹത പരിശോധിച്ച് ഭവന നിർമ്മാണത്തിന് അനുയോജ്യമായ ഭൂമി വാങ്ങുന്നതിന് പഞ്ചായത്ത് മേഖലകളിൽ 3.75 ലക്ഷം രൂപയും, മുൻസിപ്പാലിറ്റി മേഖലകളിൽ 4.5 ലക്ഷം രൂപയും, കോർപ്പറേഷൻ മേഖലകളിൽ 6 ലക്ഷം രൂപയും ധനസഹായം അനുവദിക്കുന്നുണ്ട്.<br><br>ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം എന്നീ പദ്ധതികളിലായി പരാമാവധി ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഭൂരഹിതർക്ക് റവന്യൂ ഭൂമി ലഭ്യമാക്കി പട്ടയം നൽകുന്നതിനും, വനാവകാശനിയമപ്രകാരം അർഹരായവർക്ക് ഭൂമിക്ക് കൈവശാവകാശ രേഖ നൽകുന്നതിനുമുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (ഇ) | പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വ്യക്തികൾക്ക് ഒരേക്കർ കൃഷിഭൂമി വീതം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) | ഉണ്ട്.<br><br>റവന്യൂ ഭൂമിയുടെ കുറവ് കാരണം, ഭൂരഹിതരായ എല്ലാ പട്ടികവർഗ്ഗക്കാർക്കും ഒരേക്കർ ഭൂമി നൽകുന്നതിനുള്ള തീരുമാനം പൂർണതോതിൽ പ്രാവർത്തികമാക്കുവാൻ സാധിച്ചിട്ടില്ല. എങ്കിലും, ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം എന്നീ പദ്ധതികളിലായി പരാമാവധി ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികളും, റവന്യൂ ഭൂമി ലഭ്യമാക്കി പട്ടയം നൽകുന്നതിനും, വനാവകാശനിയമപ്രകാരം അർഹരായവർക്ക് ഭൂമിക്ക് കൈവശാവകാശ രേഖ നൽകുന്നതിനുമുള്ള പ്രവർത്തനങ്ങളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ